A 5001

സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണ്ണയം 2022-23

## ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് : 5

സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

**പൊതുനിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.


## ആരോഗ്യ-കായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (4 x 1 = 4)

1. ശരീരോഷ്മാവ് കണ്ടെത്താനുള്ള ഉപകരണം ഏത്?
   (സ്റ്റെതസ്കോപ്പ്, തെർമോമീറ്റർ, ബാരോമീറ്റർ, സ്റ്റേഡിയോമീറ്റർ)
2. 2022 ഫിഫ വേൾഡ്കപ്പ് ഫുട്ബോൾ മത്സരങ്ങൾ നടന്ന രാജ്യം.
   (സൗദി അറേബ്യ ഇറാൻ ഖത്തർ, ജർമ്മനി)
3. കായിക മേഖലയിൽ ഇന്ത്യയെ ലോകത്തിന്റെ നെറുകയിലെത്തിച്ച മലയാളിയായ വനിത കായികതാരം?
   (പി.വി. സിന്ധു,പി.ടി. ഉഷ, സാനിയമിർസ, മിതാലിരാജ്)
4. കായികപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ഒരാളുടെ പൾസ് റേറ്റ് ..........
   (കുറയുന്നു, നിശ്ചലമാകുന്നു, കൂടുന്നു, വ്യത്യാസം ഉണ്ടാകുന്നില്ല)
5. ദൈനംദിന ജീവിതത്തിലെ ആവശ്യങ്ങളെയും വെല്ലുവിളികളെയും കാര്യക്ഷമമായി നേരിടാനുള്ള കഴിവുകളാണ്.
   (ആത്മവിശ്വാസം, കൃത്യനിഷ്ഠ, ജീവിതനൈപുണി, ഒത്തൊരുമ)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**(4 x 2 = 8)

6. കൈകാലുകളിൽ ചതവ് സംഭവിച്ചാൽ നൽകേണ്ട പ്രഥമ ശുശ്രൂഷ എന്ത്?
7. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിലെ കായികതാരങ്ങളുടെ പേരെഴുതുക.


A



B



C


D

8. ഒരു നല്ല സുഹൃത്തിനു വേണ്ട ഗുണങ്ങൾ എന്തെല്ലാം?

9. ആത്മവിശ്വാസവും മെയ്‌വഴക്കവും ഏകാഗ്രതയും ഒത്തിണങ്ങിയ രണ്ട് കായിക ഇനങ്ങളുടെ പേര് എഴുതുക.

10. സുരക്ഷിതമായ കാൽനടയാത്രക്ക് വേണ്ട രണ്ട് മുൻകരുതലുകൾ എഴുതുക.

(1 x 3 = 3)

**11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

11. കായിക പ്രവരത്തനങ്ങളിൽ ഏർപ്പെടുക വഴി എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്?

12. നിങ്ങളുടെ വീടിനടുത്തും സ്കൂളിലുമായി ഏറ്റവും കൂടുതൽ പ്രാവശ്യം കളിച്ചിട്ടുള്ള ഒരു കളി വിവരിക്കുക.

## കലാവിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

(4 x 1 = 4)

1. മലമ്പുഴയിലെ അണക്കെട്ടിനോട് ചേർന്നുള്ള ഉദ്യാനത്തിലെ പ്രശസ്തമായ 'യക്ഷി' ശില്പം നിർമിച്ച ശില്പി ആര്?
(അലക്സ് മാത്യു, കെ.എസ്. രാധാകൃഷ്ണൻ, കാനായി കുഞ്ഞിരാമൻ, ടി.കെ. പത്മിനി)

2. വിവിധതരം പൊടികൾ ഉപയോഗിച്ച് വരയ്ക്കുന്ന ചിത്രങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?
(മ്യൂറൽ പെയിന്റിംഗ്, ജലച്ചായ ചിത്രങ്ങൾ, എണ്ണച്ചായ ചിത്രങ്ങൾ, ധൂളി ചിത്രങ്ങൾ)

3. 'താത്തിനംതക തെയ്താരോ തകതിനംതക തെയ്താരോ' ഈ രീതിയിലുള്ള വായ്മൊഴികൾ നാടൻ പാട്ടുകളിൽ കേട്ടിട്ടുണ്ടാകുമല്ലോ. നാടൻപാട്ടുകളിലെ ഇത്തരം പ്രയോഗങ്ങളുടെ പേര് എന്ത്?
(സംഗതി, വായ്ത്താരി, ഗമകം, ചൊൽക്കെട്ട്)

4. ശബ്ദത്തോടൊപ്പം ഭാവചലനങ്ങളും സാധ്യമാകുന്ന കലാരൂപം ഏത്?
(ചിത്രകല, നാടകം, കാർട്ടൂൺ, കൊളാഷ്)

5. താഴെക്കൊടുത്തിരിക്കുന്നവരിൽ നടിയും നർത്തകിയുമായ പ്രശസ്ത വ്യക്തി ആര്?
(കെ.എസ്. ചിത്ര, ജ്യോത്സ്ന, മഞ്ജുവാര്യർ, പി.സുശീല)

**6-10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

(4 x 2= 8)

6 കൊളാഷ് ചിത്രം നിർമിക്കാൻ ഒരുങ്ങുകയാണ് മാളു. കൊളാഷ് നിർമാണത്തിന് മാളു ഒരുക്കേണ്ട സാധനങ്ങൾ എന്തെല്ലാം?

7 നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു മരവും അതിന്റെ പശ്ചാത്തലവും വരച്ച് നിറം നൽകുക.


8 നിങ്ങളെ ഏറെ സ്വാധീനിച്ച സിനിമയെക്കുറിച്ച് ഒരു ലഘു കുറിപ്പ് എഴുതുക.

(മറുപുറം)

9 താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ കാണുന്ന സംഗീതോപകരണങ്ങൾ തിരിച്ചറിഞ്ഞ് പേര് എഴുതുക



A



B



C



D

10 വിവിധ നൃത്തരൂപങ്ങളുടെ ചിത്രങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. അവയുടെ പേരുകൾ കണ്ടെത്താമോ?



A



B



C



D

**11-12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.** (1 x 3 = 3)

11 ചുവടെ ഒരു കഥാസന്ദർഭത്തിന്റെ സൂചനകൾ ഉണ്ട്, ഇതിനനുയോജ്യമായ ചിത്രങ്ങൾ പെൻസിൽ കൊണ്ട് വരയ്ക്കൂ.

- ■ **ദാഹിച്ചു വലഞ്ഞ ഒരു കാക്ക**
- ■ **വെള്ളം തേടി പറക്കുന്നു**
- ■ **ഒരു പാത്രത്തിൽ കുറച്ച് വെള്ളം**
- ■ **ഒരു സൂത്രം ചെയ്ത് കാക്ക വെള്ളം കുടിച്ചു**

12 നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും നാടൻപാട്ടിന്റെ 4 വരികളും അതിന് അനുയോജ്യമായ വായ്ത്താരിയും എഴുതുക.

## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4 x 1 = 4)

1. കിണർവെള്ളം ക്ലോറിനേഷൻ ചെയ്യേണ്ടത്.
   (മാസത്തിൽ ഒരിക്കൽ, വർഷത്തിൽ ഒരിക്കൽ, ദിവസവും, ആഴ്ചയിൽ ഒരിക്കൽ)
2. നമ്മുടെ ദേശീയപതാകയിൽ ഏറ്റവും താഴെയായി കാണപ്പെടുന്ന നിറം ഏത്?
   (ചുവപ്പ്, നീല, പച്ച, വെള്ള)
3. വസ്ത്രങ്ങളിൽ അലങ്കാര തയ്യലുകൾ ചെയ്യുമ്പോൾ ഡിസൈനുകൾ പകർത്തി വരയ്ക്കാൻ ഉപയോഗിക്കുന്ന പേപ്പർ ഏത്?
   (ന്യൂസ് പേപ്പർ, മഞ്ഞ കാർബൺ പേപ്പർ, ചാർട്ട് പേപ്പർ, ടിഷ്യു പേപ്പർ)
4. ടോയ്‌ലറ്റ് ഔട്ട്‌ലെറ്റ് പൈപ്പിൽ വല സ്ഥാപിക്കുന്നത് ഏത് ജീവിയെ നിയന്ത്രിക്കാനാണ്?
   (ഉറുമ്പിനെ, പല്ലിയെ, തവളയെ, കൊതുകിനെ)
5. താഴെ കൊടുത്തിരിക്കുന്നവയിൽ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാത്ത വസ്തു ഏത്?


A


B


C


D

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

(4 x 2 = 8)

6. ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങളെ എങ്ങനെയെല്ലാം പുനരുപയോഗിക്കാം?
7. താഴെ കൊടുത്തിരിക്കുന്ന പച്ചക്കറി ഇനങ്ങളിൽ പന്തൽ കെട്ടി പടർത്താൻ കഴിയുന്നവ പട്ടികപ്പെടുത്തുക?
   (ചീര, പയർ, കോവൽ, പാവയ്ക്ക, തക്കാളി, വഴുതിന, പപ്പായ, പടവലം, വെണ്ട)
8. ചേരുംപടി ചേർക്കുക


| A | B |
|---|---|
| മാസ്ക് | - ചിരട്ട |
| ചിരട്ടത്തവി | - ചാർട്ട് പേപ്പർ |
| പേപ്പർബാഗ് | - തടി |
| മേശ | - തുണി |

9. പേപ്പർ ഉപയോഗിച്ച് നിർമിക്കാവുന്ന നാല് ഉൽപ്പന്നങ്ങളുടെ പേര് എഴുതുക.
10. മുളകൊണ്ട് നിർമിക്കാവുന്ന നാല് വീട്ടുപകരണങ്ങൾ ഏതെല്ലാമാണ്?

(1 x 3 = 3)

**11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. പദസൂര്യൻ പൂർത്തിയാക്കുക




.12 ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ഒരു പാർപ്പിടത്തിന്റെ ചിത്രം വരയ്ക്കുക.